പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3247 — 20.06.2014- ൽ മറുപടിക്ക്

## 'സ്നേഹപൂർവ്വം' പദ്ധതി - ഉദ്ദേശലക്ഷ്യങ്ങളും മാനദണ്ഡങ്ങളും

ചോദ്യം — ശ്രീ. കെ.കെ.ജയചന്ദ്രൻ

ഉത്തരം — ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 'സ്നേഹപൂർവ്വം' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങളും പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും വിശദീകരിക്കാമോ; | (എ) | വിവിധ സാഹചര്യങ്ങളാൽ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിന് സാധിക്കാതെ വരികയും ചെയ്യുന്ന സന്ദർഭങ്ങളിൽ അത്തരം കുട്ടികളെ അനാഥാലയങ്ങളിൽ സംരക്ഷിക്കാതെ സ്വഭവനങ്ങളിൽ/ ബന്ധുഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിന് ആവശ്യമായ പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതിയാണ് സ്നേഹപൂർവ്വം പദ്ധതി. സർക്കാർ സ്കൂളുകൾക്ക് പുറമെ എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും, ബി.പി.എൽ കുടുംബങ്ങളിലെ കുട്ടികൾക്ക് പുറമെ, ഗ്രാമപ്രദേശങ്ങളിലെ 20,000/- രൂപ വരെയും നഗരപ്രദേശങ്ങളിൽ 22,375/- രൂപ വരെയും കുടുംബ വാർഷിക വരുമാനമുള്ള കുട്ടികളെയും ഇത്തരം കുടുംബങ്ങളിലെ സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി/ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നവർക്കും പ്രതിമാസം ധനസഹായം നൽകുന്നു. 5-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 300/-രൂപയും, 6 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 500/- രൂപയും, +1,+2 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 750/- |

<table>
<tr><td></td><td></td><td></td><td>രൂപയും ഡിഗ്രി/ പ്രൊഫഷണൽ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 1000/- രൂപയും നൽകുന്നു.</td></tr>
<tr><td>(ബി)</td><td>കഴിഞ്ഞവർഷം സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചു, എത്ര പേർക്ക് ധനസഹായം അനുവദിച്ചു എന്നീ കാര്യങ്ങൾ ജില്ലാടിസ്ഥാനത്തിൽ വിശദീകരിക്കാമോ;</td><td>(ബി)</td><td>40,000 ത്തിൽ പരം അപേക്ഷകൾ ലഭിച്ചു. അർഹതയുള്ള 28,583 പേരിൽ 20,020 പേർക്ക് ധനസഹായം അനുവദിച്ചു. അവശേഷിക്കുന്നവർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ധനസഹായത്തിന് അർഹതയുള്ള/ ധനസഹായം അനുവദിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.
<table>
<tr><th>ജില്ല</th><th>ലഭിച്ച അപേക്ഷകളുടെ എണ്ണം</th><th>ധനസഹായം അനുവദിച്ച അപേക്ഷകളുടെ എണ്ണം</th></tr>
<tr><td>തിരുവനന്തപുരം</td><td>4,040</td><td>3,642</td></tr>
<tr><td>കൊല്ലം</td><td>2,350</td><td>1,525</td></tr>
<tr><td>പത്തനംതിട്ട</td><td>1,302</td><td>633</td></tr>
<tr><td>ആലപ്പുഴ</td><td>1,508</td><td>1,105</td></tr>
<tr><td>കോട്ടയം</td><td>1,655</td><td>735</td></tr>
<tr><td>ഇടുക്കി</td><td>850</td><td>661</td></tr>
<tr><td>എറണാകുളം</td><td>3,055</td><td>1,962</td></tr>
<tr><td>തൃശ്ശൂർ</td><td>2,228</td><td>1,350</td></tr>
<tr><td>പാലക്കാട്</td><td>3,560</td><td>2,367</td></tr>
<tr><td>മലപ്പുറം</td><td>2,210</td><td>1,562</td></tr>
<tr><td>കോഴിക്കോട്</td><td>2,750</td><td>2,361</td></tr>
<tr><td>വയനാട്</td><td>1,003</td><td>558</td></tr>
<tr><td>കണ്ണൂർ</td><td>1,025</td><td>611</td></tr>
<tr><td>കാസർഗോഡ്</td><td>1,047</td><td>948</td></tr>
</table></td></tr>
<tr><td>(സി)</td><td>അർഹതപ്പെട്ടവർ ഏറെയുണ്ടെങ്കിലും അപേക്ഷകൾ കുറയുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>(സി)</td><td>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| (ഡി) | അർഹതപ്പെട്ട വിദ്യാർത്ഥികൾക്കെല്ലാം സ്കൂൾ മുഖാന്തിരം അപേക്ഷാഫോം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | അപേക്ഷാഫോം സ്കൂളുകൾ മുഖാന്തിരം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ